ഉത്തരം

(എ) അഖിലേന്ത്യാ സർവ്വീസിലേക്കുള്ള പരീക്ഷകൾക്ക് പരിശീലനം നൽകുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് ട്രെയിനിംഗ് സൊസൈറ്റി ആദ്യഘട്ടത്തിൽ പ്രവർത്തിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ മാധ്യമ മേഖലയിൽ തൊഴിൽ സാദ്ധ്യതയേറിയ കോഴ്സുകൾ നടത്തുന്ന ഒരു സ്ഥാപനം ആരംഭിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ആഡിറ്റോറിയം, ലേണിംഗ് സെന്റർ, മ്യൂസിയം, ആർട്ട്ഗ്യാലറി എന്നിവ ആരംഭിക്കുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) 2003-04 സാമ്പത്തിക വർഷം മുതലാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്.

(സി) 2013-14 വർഷം 'അംബേദ്കർ ഭവനാ'-യി പ്രത്യേകം തുക വകയിരുത്തിയിരുന്നില്ല. എന്നാൽ സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററിനു വേണ്ടി ക്ലാസ്സ് റൂമുകൾ, ലൈബ്രറി, ഫാക്കൽറ്റി റൂം, കമ്പ്യൂട്ടർ ലാബ്, റിസപ്ഷൻ എന്നിവയുടെ ഇന്റീരിയർ ഫർണിഷിംഗ്, പെയിന്റിംഗ് എന്നീ നിർമ്മാണ ജോലികൾക്കായി 35 ലക്ഷം രൂപ 2225-01-001-94 (പി) എന്ന ശീർഷകത്തിൽനിന്നും ചെലവഴിക്കുന്നതിന് സ.ഉ. (ആർ.റ്റി.) 322/14/പജപവവിവ. തീയതി 21-2-2014 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഇലക്ഷൻ പ്രഖ്യാപനം വന്നതിനാൽ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ ടി സർക്കാർ ഉത്തരവ് റിവാലിഡേറ്റ് ചെയ്യുന്ന വിഷയം പരിഗണനയിലാണ്.

(ഡി) 2014-15 വർഷം 'അംബേദ്കർ ഭവനാ' യി പ്രത്യേകം തുക വക യിരുത്തിയിട്ടില്ല. എന്നാൽ, 2225-01-001-94 (പി) എന്ന ശീർഷകത്തിൽ നിന്നും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി 1,17,500 രൂപ KSEB-ക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ തോപ്പിൽ സ്വയംപര്യാപ്ത കോളനി

215 (6920) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട 'തോപ്പിൽ കോളനി' സ്വയം പര്യാപ്ത പട്ടികജാതി കോളനിയായി നവീകരിക്കുന്നതിന് വേണ്ട നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) നിർമ്മാണച്ചുമതല ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) എന്ത് തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്നും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) തോപ്പിൽകോളനി 'സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ' ഉൾപ്പെടുത്തി നവീകരിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ നിർമ്മിതി കേന്ദ്രത്തെ നിർവ്വഹണ ഏജൻസിയായി നിശ്ചയിക്കുകയും അവർ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ധാരണാപത്രം ഒപ്പുവയ്ക്കുന്ന മുറയ്ക്ക് ജോലികൾ ആരംഭിക്കുന്നതാണ്.

(സി) ഒരു കോടി രൂപ; തിരുവനന്തപുരം ജില്ലാ നിർമ്മിതി കേന്ദ്രത്തെയാണ് നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളതെങ്കിലും ധാരണാപത്രം ഒപ്പുവച്ചിട്ടില്ല.

ചടയമംഗലം മണ്ഡലത്തിൽ പട്ടികജാതി വകുപ്പു മുഖേന വികസന പ്രവർത്തനങ്ങൾ

216 (6921) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ചടയമംഗലം മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് മുഖേന ഏറ്റെടുത്ത വികസന പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതി, വിജ്ഞാൻവാടി, എട്ടാം ക്ലാസ്സിൽ പഠിക്കുന്നവർക്ക് സൈക്കിൾ വിതരണം, ഭവന നിർമ്മാണ പദ്ധതി, ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ, ശൗചാലയ നിർമ്മാണ ധനസഹായം, വിവാഹ ധനസഹായം, മിശ്ര വിവാഹ ധനസഹായം, ദുർബല വിഭാഗ പുനരധിവാസ പദ്ധതി, അയ്യങ്കാളി സ്കോളർഷിപ്പ്, ലംപ്സം ഗ്രാന്റ്, വിഷൻ-13 (എൻട്രൻസ് കോച്ചിംഗിനുള്ള ധനസഹായം) എന്നിവ ചടയമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2011–12 ₹ 1,19,12,293

2012-13 ₹ 2,26,25,095

2013-14 ₹ 3,10,43,621

പട്ടികജാതിക്കാർക്ക് ചികിത്സാ ധനസഹായം

217 (6922) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേരുടെ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ നിലവിൽ പരിഗണനയിലുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly